പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 596

28.03.2018 ൽ
മറുപടിക്ക്

**സർക്കാർ ഓഫീസുകളിൽ നിന്ന് സമയബന്ധിത സേവനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. വി. ജോയി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ. പ്രദീപ് കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ഭരണം സുതാര്യവും കാര്യക്ഷമമവുമാക്കുവാൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) പൊതുജനങ്ങളുടെ ദൈനംദിനാവശ്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും സ്ഥാപന ങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഘട്ടം ഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകൃതമായ 4-ാ മത് ഭരണപരിഷ്കാര കമ്മിഷൻ തീരുമാനിച്ചിട്ടുണ്ട്. അതത് വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കുന്ന സമയം തന്നെ സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മന്ത്രിസഭാ യോഗ തീരുമാനങ്ങൾ, മന്ത്രിസഭാ യോഗത്തിന് സമർപ്പിച്ച കുറിപ്പ്, മന്ത്രിസഭാ യോഗത്തിന്റെ നടപടി കുറിപ്പ് എന്നിവ സഹിതം ഉത്തരവ് പുറപ്പെടുവിക്കുന്ന അന്നുതന്നെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തരത്തിൽ സംസ്ഥാനത്ത് പരിശീലന നയം രൂപീകരിച്ചിട്ടുണ്ട്.<br>സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും |

അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭരണ നടപടികളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഭരണഭാഷ മലയാളമായിരിക്കണമെന്ന് നിർദ്ദേശം എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി 2017 മെയ് 1 ന് ഭരണഭാഷ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. മലയാളത്തിൽ മറുപടി ലഭിക്കുകയെന്നത് കേരള ജനതയുടെ അവകാശമായി അംഗീകരിച്ചുകൊണ്ട് 2012 ലെ സേവനാവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിന് നിലവിലുണ്ടായിരുന്ന ബൈയോ മെട്രിക് പഞ്ചിംഗ് സംവിധാനം 1.1.2018 മുതൽ കർശനമാക്കിയിട്ടുണ്ട്.

ബി) സേവനാവകാശ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി നിലവിൽ വരുകയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27.10.2012-ലെ സ.ഉ.(പി) 56/2012/ഉ.ഭ.പ.വ. ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയ ബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്ക് വേണ്ടിയാണ് ഈ നിയമം നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ പ്രചാരണത്തിനായി എല്ലാ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെ കുറിച്ചുള്ള കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

സി) ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം അച്ചടക്ക നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ;

സി) സേവനാവകാശ നിയമത്തിലെ ചട്ടം 7 പ്രകാരം യഥാസമയം സേവനം നൽകാത്ത ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവനാവകാശ നിയമം ഉദ്യോഗസ്ഥർ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | |
|---|---|
| ഡി) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനാവകാശ നിയമ പ്രകാരം പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് മുൻനിർത്തിയുള്ള ഭരണ നവീകരണം സർക്കാർ ലക്ഷ്യമിടുന്നു. സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ